(ബി ആന്റ് സി) നിർവ്വഹണം പ്രാരംഭ ദശയിലാണ്. നിർവ്വഹണത്തിന്റെ മേൽനോട്ടത്തിനും പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിനുമായി വിവിധ തലങ്ങളിൽ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ കമ്പ്യൂട്ടർ ശൃംഖല വഴി പദ്ധതി മേൽനോട്ടത്തിനുള്ള 'പ്രോഗ്രാം പെർഫോർമൻസ് മാനേജ്മെന്റ് സിസ്റ്റം' തയ്യാറാക്കുന്നുണ്ട്.

സംസ്ഥാനത്ത് സന്ദർശനം നടത്തിയ വിദേശപൗരന്മാർ

15 [813] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ അതിഥികളായി എത്ര വിദേശ പൗരന്മാർ കേരളം സന്ദർശിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) അവർ ഏതെല്ലാം രാജ്യക്കാർ ആണെന്നും എന്തെല്ലാം ആവശ്യത്തിന് സംസ്ഥാനം സന്ദർശിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) വിദേശികളെ സർക്കാർ അതിഥികളായി താമസിപ്പിച്ചതിന് എന്തു തുക ചെലവായി എന്നും ആയതിന് മുൻകൂർ അനുമതി നൽകിയിരുന്നോ എന്നും വെളിപ്പെടുത്തുമോ;

(ഡി) സർക്കാർ അതിഥികളല്ലാതെ കേരളം സന്ദർശിച്ച ഏതെങ്കിലും വിദേശികൾ സർക്കാർ കാര്യങ്ങളുമായി ബന്ധപ്പെട്ട് മന്ത്രിമാരുമായി ചർച്ച നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ ആന്റ് ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന സർക്കാർ അതിഥികളായി 48 വിദേശ പൗരന്മാർ സംസ്ഥാനം സന്ദർശിച്ചിട്ടുണ്ട്. അവരുടെ വിവരങ്ങൾ അനുബന്ധം IV-ൽ ചേർത്തിട്ടുണ്ട്. †

(സി) വിദേശികളെ സർക്കാർ അതിഥികളായി താമസിപ്പിച്ചതിന് ചെലവായ തുകയുടെ അന്തിമ കണക്ക് ലഭ്യമായിട്ടില്ല.

(ഡി) ഇതു സംബന്ധിച്ചുള്ള വിവരം ശേഖരിച്ചു നൽകുന്നതാണ്.

ന്യൂനപക്ഷ ഭാഷാ പരിജ്ഞാനമുള്ളവരെ ഭാഷാ ന്യൂനപക്ഷ പ്രദേശങ്ങളിൽ നിയമിക്കാൻ നടപടി

16 [814] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഭാഷാ ന്യൂനപക്ഷ പ്രദേശത്തുള്ള എല്ലാ സർക്കാർ ഓഫീസുകളിലും ന്യൂനപക്ഷ ഭാഷാ പരിജ്ഞാനമുള്ള ഓഫീസർമാരെ നിയമിക്കണമെന്നതനുസരിച്ച് യോഗ്യതയുള്ളവരില്ലെങ്കിൽ തൊട്ടു ജൂനിയർ ഓഫീസറെ പ്രമോട്ടുചെയ്ത് നിയമിക്കണമെന്നുള്ള സർക്കാർ ഉത്തരവ് നിലവിലുണ്ടോ;

† അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത ഉത്തരവ് പല ഡിപ്പാർട്ടുമെന്റുകളും പാലിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) ജില്ലയിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭൂരിപക്ഷവും കന്നട ഭാഷ സംസാരിക്കുന്നവരാണെന്നത് പരിഗണിച്ച് മേൽ വകുപ്പിലെ ജില്ലാ ഓഫീസറായി പ്രസ്തുത ഉത്തരവ് പ്രകാരം നിയമിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ഇ) ഇല്ലെങ്കിൽ കാരണമെന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) ബാധകമല്ല.

(ഡി) കാസർഗോഡ് ജില്ലയിലെ കാസർഗോഡ് താലൂക്ക് മാത്രമേ ഭാഷാ ന്യൂനപക്ഷ പ്രദേശമായി സർക്കാർ കണക്കാക്കിയിട്ടുള്ളൂ. ഇതു പരിഗണിച്ച് ഒരു കന്നട ഭാഷാ പരിജ്ഞാനമുള്ള ജൂനിയർ ഉദ്യോഗസ്ഥനെ ഉദ്യോഗക്കയറ്റം നൽകി ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ പേഴ്സണൽ അസിസ്റ്റന്റ് തസ്തികയിൽ നിയമിച്ചിട്ടുണ്ട്.

(ഇ) ബാധകമല്ല.

2003-04, 2004-05 എന്നീ വർഷങ്ങളിലെ വാർഷിക പദ്ധതികൾ

17 [815] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004-2005-ലെ വാർഷിക പദ്ധതിയുടെ അടങ്കൽ എത്രയാണ്;

(ബി) 2003-2004-ലെ വാർഷിക പദ്ധതിയുടെ മൊത്തം അടങ്കൽ എത്ര യായിരുന്നു;

(സി) പ്രസ്തുത വാർഷിക പദ്ധതിയുടെ തുക പൂർണ്ണമായും വിനിയോഗി ക്കുവാൻ കഴിഞ്ഞിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ വാർഷിക പദ്ധതി തുകയുടെ എത്ര ശതമാനം 2004 മാർച്ച് 31 വരെ ചെലവഴിച്ചിട്ടുണ്ടെന്ന് പറയാമോ;

(ഇ) ഇതിൽ വികസനത്തിനായി ചെലവഴിച്ച തുക മേഖലാടിസ്ഥാനത്തിൽ വിശദമാക്കുമോ; ഓരോ മേഖലയിലും എത്ര ശതമാനം വീതം തുക ചെലവഴിച്ചിട്ടുണ്ട്;

(എഫ്) 2004-2005-ലെ വാർഷിക പദ്ധതിയിൽ ഓരോ മേഖലയ്ക്കും നീക്കി വച്ചിട്ടുള്ള തുക എത്ര വീതമാണെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly